പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-16)

## മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

(2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-08)-യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-16)

**മുപ്പത്തിമൂന്നാമത് റിപ്പോർട്ട്**

(2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-08)-യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

[സമിതി (2006-08)-യുടെ രണ്ടാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

707/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ | .. | 15 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-16)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം മുപ്പത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2006-08)-യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ജൂൺ 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2015 ജൂൺ 8.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

# റിപ്പോർട്ട്

## കൊല്ലം കോർപ്പറേഷനെ സംബന്ധിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)-യുടെ രണ്ടാമത് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08)-യുടെ രണ്ടാമത് റിപ്പോർട്ട് 2006 ഒക്ടോബർ മാസം 19-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 8 ശിപാർശകളാണ് ഉള്ളത്. 8 ശിപാർശകളിന്മേലും സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 7-5-2008-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി.

റിപ്പോർട്ടിലെ ഖണ്ഡിക 13, 18, 55, 65 എന്നിവയിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞിരുന്നു. ആയതിന് സർക്കാർ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം അവയ്ക്ക് സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നുമുള്ള മറുപടി, തുടർ ശിപാർശ എന്നിവ അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു. സർക്കാരിൽ നിന്നു ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടികളും അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ, സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് സർക്കാർ നല്കിയ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് നല്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ഖണ്ഡിക 65-ലെ ശിപാർശയും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

### <u>അദ്ധ്യായം I</u>

## ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരവും ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടിയും തുടർ ശിപാർശകളും

### <u>ഖണ്ഡിക നമ്പർ 13</u>

### <u>ശിപാർശ</u>

1.1.1 കോർപ്പറേഷനിലെ അക്കൗണ്ട്സ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും കോർപ്പറേഷനിലെ കെട്ടിടങ്ങളുടെയും സ്ഥാപനങ്ങളുടെയും വാർഡ് തലത്തിലുള്ള കമ്പ്യൂട്ടർവൽകൃത ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കണമെന്നും പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുമ്പോൾ തന്നെ പ്രസ്തുത ലിസ്റ്റ് നവീകരിക്കുന്നതിനും (അപ്ഡേറ്റ് ചെയ്യുന്നതിന്) പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന നികുതി, നികുതി കുടിശ്ശിക മുതലായവ സംബന്ധിച്ച വിശദാംശങ്ങൾ ഏറ്റവും വേഗത്തിൽ കണ്ടുപിടിക്കുന്നതിന് ആവശ്യമായ നടപടി

സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. വസ്തു നികുതി, തൊഴിൽ നികുതി, ചന്തവരവ്, ബസ് സ്റ്റാന്റ് ഫീസ് പിരിവ്, വസ്തുക്കളിൽ നിന്നും കെട്ടിടങ്ങളിൽ നിന്നുമുള്ള വരവ് എന്നീയിനങ്ങളിൽ നാളിതുവരെയുള്ള കുടിശ്ശിക തുക എത്രയാണെന്ന് കണ്ടെത്തി കാലതാമസം കൂടാതെ അവ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും ഇങ്ങനെ പിരിച്ചെടുത്ത തുക സംബന്ധിച്ച വിശദാംശങ്ങൾ സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.1.2. (a) അക്കൗണ്ട്സ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡബിൾ എൻട്രി സിസ്റ്റം 1-4-2007-ൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(b) കെട്ടിടങ്ങളുടേയും സ്ഥാപനങ്ങളുടേയും കമ്പ്യൂട്ടർവൽകൃത ലിസ്റ്റ് തയ്യാറാക്കുന്നതിന് ഐ.കെ.എം.-നെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പുതിയ കെട്ടിടങ്ങൾ ലിസ്റ്റിൽ ഉൾപ്പെടുത്തുവാനും, നികുതി ഈടാക്കുന്നതിനും കുടിശ്ശിക ഏറ്റവും വേഗത്തിൽ കണ്ടെത്തുന്നതിനും ഇതുവഴി സാദ്ധ്യമാകുന്നതാണ്.

| | |
|---|---|
| (c) വസ്തു നികുതി-കുടിശ്ശിക തുക (2004-05) ഡി.സി.ബി. പ്രകാരം | .. 6,16,85,076 |
| 2005-06 വർഷം വരെയുള്ള വരവ് | .. 1,64,51,706 |
| ബാക്കി | .. 4,52,33,370 |

(i) <u>കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി</u>

(1) റെയിൽവേവക കെട്ടിടങ്ങളുടെ സർവീസ് ചാർജ്ജ് 89 ലക്ഷം രൂപ പിരിച്ചെടുക്കുന്നതിന് 21-1-04-ലെ ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കഴിയാത്തതിനാൽ ടി തുക ഡിമാന്റിൽനിന്നും കുറവ് ചെയ്യുന്നതിന് കോർപ്പറേഷൻ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു.

(2) കെ.എസ്.ആർ.ടി.സി.യുടെ 35 ലക്ഷം രൂപ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസും, മാനേജിംഗ് ഡയറക്ടർക്ക് കത്തും നൽകി നടപടികൾ സ്വീകരിച്ചുവരുന്നു.

(3) കോടതിയിൽ കേസ് നിലനിൽക്കുന്നതുമൂലം അരക്കോടിയോളം രൂപ പിരിച്ചെടുക്കുവാൻ കഴിയാതെയുണ്ട്.

(4) വിവിധ സർക്കാർ ഓഫീസുകളുടെ നികുതി കുടിശ്ശിക പലിശ ഉൾപ്പെടെ 50,00,000 രൂപ പിരിഞ്ഞു കിട്ടാനുള്ളത് പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ പലിശ കുറവ് ചെയ്ത് നൽകണമെന്ന് വകുപ്പുമേധാവികൾ ആവശ്യപ്പെട്ടതനുസരിച്ച് മറുപടി നൽകി. മേൽനടപടി സ്വീകരിച്ചുവരുന്നു.

(ii) തൊഴിൽ നികുതി

| | |
|---|---|
| കുടിശ്ശിക തുക (2004-05) ഡി.സി.ബി. പ്രകാരം | .. 63,08,369 |
| 2005-06 വരെയുള്ള വരവ് | .. 37,13,014 |
| ബാക്കി | .. 25,95,355 |

കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി

തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുകയിൽ ഭൂരിഭാഗവും വർഷങ്ങൾക്കുമുൻപ് സ്ഥാപനം പൂട്ടി സ്ഥലത്തില്ലാത്തവരുടെ നികുതിയാണ്. കൂടാതെ തൊഴിൽ നികുതി ഇളവിനായി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത അവസ്ഥയും നിലനിൽക്കുന്നു.

(iii) ചന്തവരവ്

| | |
|---|---|
| 2004-05 DCB പ്രകാരമുള്ള കുടിശ്ശിക തുക | .. 4,17,330 |
| 2005-06 വർഷത്തെ വരവ് | .. ഇല്ല |
| ബാക്കി | .. 4,17,330 |

ചന്ത ലേലം ചെയ്തപ്പോൾ ലേലം കൊണ്ട വ്യക്തി യഥാസമയം തുക അടയ്ക്കാതെ വരികയും നഗരസഭ നേരിട്ട് പിരിവ് നടത്തുകയും പിന്നീട് പുനർലേലം നടത്തുകയും ചെയ്തപ്പോൾ വന്ന കുറവാണ് കുടിശ്ശികയായി വന്നിട്ടുള്ളത്. ടി തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(iv) ബസ് സ്റ്റാന്റ് ഫീസ്

| | |
|---|---|
| 2004-05 DCB പ്രകാരമുള്ള കുടിശ്ശിക തുക | ..11,653 |
| 2005-06 വർഷത്തെ വരവ് | .. ഇല്ല |
| ബാക്കി | .. 11,653 |

സ്വീകരിച്ച നടപടി

ബസ് സ്റ്റാന്റ് ഫീസിനത്തിൽ കുടിശ്ശിക ഇല്ലാത്തതാണ്. ലേലം കഴിഞ്ഞാൽ ഉടൻ തന്നെ തുക അടയ്ക്കുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. അപ്രകാരം 1995-96, 1996-97, 1997-98 വർഷങ്ങളിലെ തുക യഥാക്രമം 31,500, 32,000, 66,666 രൂപ യഥാസമയം അടച്ചിട്ടുണ്ട്.

(v) വസ്തുക്കൾ/കെട്ടിടങ്ങളിൽ നിന്നുള്ള വരവ്

| | |
|---|---|
| 2004-05 ഡി.സി.ബി. പ്രകാരമുള്ള കുടിശ്ശിക | .. 25,12,929 |
| 2005-06 വർഷം വരെയുള്ള വരവ് | .. 22,06,005 |
| ബാക്കി | .. 3,06,924 |

സ്വീകരിച്ച നടപടി

ബാക്കി തുകയിൽ 50 ശതമാനത്തിലധികം തുക 2006-07-ൽ പിരിച്ചെടുത്തിട്ടുണ്ട്. ഇനിയും തുക അടയ്ക്കാത്ത കടയുടെ കൈവശക്കാരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി കടമുറികൾ പൂട്ടുകയും ഡെപ്പോസിറ്റ് തുക വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി കടമുറികൾ പുനർലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

1.1.3 സമിതി ആരാഞ്ഞ അധികവിവരങ്ങൾ

(a) കെട്ടിടങ്ങളുടേയും സ്ഥാപനങ്ങളുടേയും കമ്പ്യൂട്ടർവൽകൃത ലിസ്റ്റ് തയ്യാറാക്കുന്നതിന് ഐ.കെ.എം.-നെ ഏല്പിച്ചതിനുശേഷമുള്ള പുരോഗതിയെക്കുറിച്ചുള്ള അന്തിമ റിപ്പോർട്ട്.

(b) റെയിൽവേവക കെട്ടിടങ്ങളുടെ സർവ്വീസ് ചാർജ്ജ് 89 ലക്ഷം രൂപ പിരിച്ചെടുക്കുന്നതിനെതിരായുള്ള 21-1-04-ലെ സുപ്രീം കോടതി വിധിയുടെ പകർപ്പ്.

(c) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും 35 ലക്ഷം രൂപ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസും മാനേജിംഗ് ഡയറക്ടർക്ക് കത്തും നൽകി നടപടി സ്വീകരിച്ചുവരുന്നുവെന്നുള്ള മറുപടിയുടേയും, വിവിധ സർക്കാർ ഓഫീസുകളുടെ നികുതി കുടിശ്ശിക പലിശ ഉൾപ്പെടെ കിട്ടാനുള്ള 50,00,000 രൂപ പിരിഞ്ഞുകിട്ടുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നുള്ള മറുപടിയുടേയും ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട്.

(d) ഡിമാന്റ് ചെയ്യപ്പെടാതെ പൂട്ടപ്പെട്ട സ്ഥാപനങ്ങളുടെ വിശദവിവരം, ഹൈക്കോടതി യിൽ നിലനിൽക്കുന്ന കേസുകളുടെ വിശദാംശങ്ങൾ, പൂട്ടിപ്പോയ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ

1.1.4 (a) കൊല്ലം കോർപ്പറേഷനിലെ അസസ്സ്മെന്റ് രജിസ്റ്ററുകളുടെ നാളിതുവരെയുള്ള കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) കമ്പ്യൂട്ടർവൽക്കരിച്ചിട്ടുമുണ്ട്. 2010 -11 വരെ ഡി.സി.ബി. ജനറേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(b) റെയിൽവേവക കെട്ടിടങ്ങളുടെ സർവ്വീസ് ചാർജ്ജ് ഒഴിവാക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിച്ചത് തദ്ദേശസ്വയംഭരണ (സി) വകുപ്പിന്റെ 9-12-2004-ലെ 43657/ബി4/04/തസ്വഭവ. നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലാണ്.

(c) കെ.എസ്.ആർ.ടി.സി.യുടെ 2011-12 രണ്ടാം അർദ്ധവർഷം വരെയുള്ള വസ്തു നികുതി ഗ്രന്ഥശാലാവരി എന്നീയിനങ്ങളിൽ 31,40,298 രൂപ ബഹു. സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 15-3-2012-ൽ ചെക്ക് നമ്പർ 792894 രസീത് നമ്പർ 01/11102500621 പ്രകാരം ഒടുക്കിയിട്ടുള്ളതാണ്. തുക അടയ്ക്കാതിരുന്ന സ്ഥാപനങ്ങൾക്ക് കാലാകാലങ്ങളിൽ നോട്ടീസ് നൽകി പരമാവധി തുക പിരിച്ചെടുത്തിട്ടുണ്ട്.

(d) തൊഴിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നു. അടച്ചുപൂട്ടപ്പെട്ടതും നികുതി പിരിച്ചെടുക്കാൻ കഴിയാത്തതുമായ സ്ഥാപനങ്ങളുടെ മേൽ ചുമത്തിയിരുന്ന നികുതി കുടിശ്ശികയായി നിലനിൽക്കുന്നത് എഴുതി തള്ളുന്നതിനുള്ള നടപടി നടന്നുവരുന്നു.

1995-96 മുതൽ 1997-98 വരെയുള്ള പിരിച്ചെടുക്കാൻ കഴിയാത്ത തൊഴിൽ നികുതി എഴുതിത്തള്ളുന്നതിനായി 17-2-2012-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20-ാം നമ്പരായി തീരുമാനിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്. മുൻകൊല്ലം മുനിസിപ്പാലിറ്റിയിലെ ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ കൊല്ലം ശാഖയ്ക്ക് തൊഴിൽ നികുതി ചുമത്തിയതിനെതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ AFA No.55/1993 ആയി അപ്പീൽ ഫയൽ ചെയ്തിരുന്നു. 1980-81-ലെ രണ്ട് അർദ്ധവർഷങ്ങളിൽ നികുതി ചുമത്തിയതിനെതിരെ ഫയൽ ചെയ്ത കേസുകളിൽ മുൻപ്തന്നെ തീരുമാനമെടുത്തിരുന്നു. 1978-79-ലെ ഒന്നും രണ്ടും അർദ്ധവർഷങ്ങൾ, 79-80-ലെ ഒന്നും രണ്ടും അർദ്ധവർഷങ്ങൾ എന്നിങ്ങനെ നാല് അർദ്ധവർഷങ്ങളിലെ നികുതി നിർണ്ണയിക്കുന്നതിനെതിരെ ഫയൽ ചെയ്ത മേൽ നമ്പർ അപ്പീലിൽ ഓരോ അർദ്ധവർഷത്തേക്കും പ്രത്യേകം പ്രത്യേകം റിവിഷൻ ഹർജികൾ കോർപ്പറേഷനിൽ ഫയൽ ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതും ആയത് പ്രകാരം ഹർജികൾ സമർപ്പിച്ചിട്ടുള്ളതുമാണ്. ബഹു. കേരളാ ഹൈക്കോടതി അനുവദിച്ചുനൽകിയിട്ടുള്ള സമയപരിധിക്കുള്ളിൽ നടപടി സ്വീകരിക്കുന്നതിലേക്കായി ബാങ്ക് അധികൃതരെ ഹിയറിംഗിന് വിളിച്ചിട്ടുള്ളതാണ്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

1.1.5 (a) പ്രോപ്പർട്ടി ടാക്സ് കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെയും സ്ഥാപനങ്ങളുടെയും പൂർണ്ണമായ ലിസ്റ്റ് കമ്പ്യൂട്ടർ മുഖേന തയ്യാറാക്കുന്നതിനുള്ള സംവിധാനം പൂർണ്ണമായിട്ടില്ല.

(b) തസ്വഭവ. (സി) വകുപ്പിന്റെ 9-12-2004-ലെ 43657/ബി4/04/തസ്വഭവ. നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ 11-10-2007-ലെ 11-ാം നമ്പർ

തീരുമാന പ്രകാരം റെയിൽവേവക കെട്ടിടങ്ങളുടെ സർവ്വീസ് ചാർജ് ഒഴിവാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

(c) KSRTC-യുടെ 2011-12 രണ്ടാം അർദ്ധവർഷം വരെയുള്ള വസ്തു നികുതി, ഗ്രന്ഥശാലാവരി എന്നീയിനങ്ങളിൽ 31,40,298 രൂപ ചെക്ക് നമ്പർ 792894 രസീത് നമ്പർ 01/11102500621 പ്രകാരം ഒടുക്കിയിട്ടുണ്ട്.

വിവിധ സർക്കാർ ഓഫീസുകളുടെ നികുതി കുടിശ്ശികയിൽ ഭൂരിഭാഗവും പിരിഞ്ഞു കിട്ടുകയും, ശേഷിക്കുന്നവയ്ക്ക് ഡിമാന്റ് നോട്ടീസ് നല്കുകയും ചെയ്തിട്ടുണ്ട്.

(d) 1995-96 മുതൽ 1997-98 വരെയുള്ള പിരിച്ചെടുക്കാൻ കഴിയാത്ത തൊഴിൽ നികുതി 4,88,024 രൂപ എഴുതി തള്ളുന്നതിനായി കൗൺസിലിന് ശിപാർശ ചെയ്തുകൊണ്ട് 17-2-2012-ലെ ധനകാര്യ സ്റ്റാൻഡിംഗ് കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയത് കൗൺസിൽ പരിഗണിച്ചിട്ടില്ല.

ഇന്ത്യൻ ഓവർസീസ് ബാങ്ക് കൊല്ലം ശാഖയ്ക്ക് തൊഴിൽ നികുതി ചുമത്തിയതിനെതിരെ ബാങ്ക് ബഹു. ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും തുടർന്ന് കോടതി നിർദ്ദേശപ്രകാരം ബാങ്ക് അധികൃതരെ നഗരസഭ ഹിയറിംഗ് നടത്തുകയും അതിൻപ്രകാരം ബാങ്കിന് 1978-79, 1979-80 കാലയളവിൽ തൊഴിൽ നികുതി അർദ്ധവർഷം 125 രൂപ നിരക്കിൽ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല.

## തുടർ ശിപാർശ

1.1.6 **പ്രോപ്പർട്ടി ടാക്സ് കമ്പ്യൂട്ടർവൽക്കരിച്ചതുപോലെ കെട്ടിടങ്ങളുടെയും സ്ഥാപനങ്ങളുടെയും ലിസ്റ്റും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

1.1.7 **1995-1996 മുതൽ 1997-1998 വരെയുള്ള പിരിച്ചെടുക്കാൻ കഴിയാത്ത തൊഴിൽ നികുതി 4,88,024 രൂപ എഴുതിത്തള്ളുന്നതിനുള്ള ധനകാര്യ സ്റ്റാൻഡിംഗ് കൗൺസിലിന്റെ തീരുമാനത്തിന്മേലുള്ള ഭരണസമിതിയുടെ തീരുമാനം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഭരണ സമിതി തീരുമാനത്തിന് സർക്കാർ സാധൂകരണം ആവശ്യമുള്ള പക്ഷം പ്രസ്തുത സാധൂകരണം ലഭ്യമാക്കിയതുസംബന്ധിച്ച വിവരവും അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

1.1.8 **ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ കൊല്ലം ശാഖയ്ക്ക് 1978-79, 1979-80 കാലയളവിലേക്ക് നിശ്ചയിച്ച് നല്കിയ തൊഴിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 18

### ശിപാർശ

1.2.1 കൊല്ലം കോർപ്പറേഷനിൽ ഇത്തരമൊരു ടാർ മിക്സിംഗ് പ്ലാന്റ് വാങ്ങിയാൽ അത് ഫലപ്രദമായി പ്രവർത്തിപ്പിക്കുവാനും ഉപയോഗക്ഷമമാക്കുവാനും കഴിയുമോയെന്ന കാര്യത്തിൽ ഒരു സാങ്കേതിക പഠനമോ വിലയിരുത്തലോ നടത്താതെ 6.75 ലക്ഷം രൂപ മുതൽമുടക്കുകയും അത് ഒരു പാഴ്ചെലവായി മാറുന്നതിന് ഉത്തരവാദികളായ അന്നത്തെ കോർപ്പറേഷൻ എഞ്ചിനീയർ, സെക്രട്ടറി എന്നിവരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ ടാർ മിക്സിംഗ് പ്ലാന്റ് കോർപ്പറേഷൻ ഓഫീസിൽ ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യത്തിൽ അത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നും അല്ലെങ്കിൽ ഈ പ്ലാന്റ് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന മറ്റേതെങ്കിലും സ്ഥാപനത്തിന് കൈമാറുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

1.2.2 (a) ടി പ്ലാന്റ് വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ച സമയത്തുള്ള മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. കെ. എസ്. ഗോപാലകൃഷ്ണപിള്ളയും ഏറ്റവും കുറഞ്ഞ നിരക്ക് അംഗീകരിച്ച തുക നൽകുന്ന സമയത്തുള്ള മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. അബ്ദുൾസലാം കോയ കുഞ്ഞും ആണെന്നും ഇവർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതാണെന്നുമുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു. ടി കാലയളവിലെ കോർപ്പറേഷൻ സെക്രട്ടറി ശ്രീ. പി. എം. ദേവരാജൻ ആണെന്നുള്ള വിവരവും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

(b) ടി പ്ലാന്റ് ലേലം ചെയ്യുന്നതിന് 14-8-2006-ലെ 20-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്. മുഖവില നിശ്ചയിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ സെക്ഷൻ, തിരുവനന്തപുരത്തിന് അയച്ചിരിക്കുകയാണ്. മറുപടി പ്രതീക്ഷിക്കുകയാണ്

### സമിതി ആരാഞ്ഞ അധികവിവരം

1.2.3 ടാർ മിക്സിംഗ് പ്ലാന്റ് വാങ്ങുന്നതിന് ഉത്തരവാദിയായ മുൻ സെക്രട്ടറി, എഞ്ചിനീയർ എന്നിവരുടെ പേരിൽ വകുപ്പുതല അന്വേഷണം നടത്തിയതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു ലഭിച്ച അധികവിവരം

1.2.4 ടാർ മിക്സിംഗ് പ്ലാന്റ് വാങ്ങിയതിൽ മുൻ സെക്രട്ടറി ശ്രീ. ദേവരാജൻ ഉത്തരവാദിയല്ലെന്ന് കണ്ടെത്തുകയും അദ്ദേഹത്തെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുള്ളതാണ്. നഗരസഭയ്ക്ക് നഷ്ടം വന്ന തുക യഥാർത്ഥത്തിൽ ഉത്തരവാദികളായ എഞ്ചിനീയർമാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. നഗരസഭയ്ക്ക് നഷ്ടമായ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന നഗരസഭാ ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടാർ മിക്സിംഗ് പ്ലാന്റ് വാങ്ങുന്നതിന് ചെലവായ 6,75,000 രൂപയിൽ ടി പ്ലാന്റ് ലേലം ചെയ്തുവഴി ലഭ്യമായ 53,200 രൂപ കിഴിച്ചുള്ള 6,21,800 രൂപ തുല്യമായി ഒടുക്കുന്നതിന് രണ്ട് മുനിസിപ്പൽ എഞ്ചിനീയർമാർക്കും 13-3-2008-ൽ നോട്ടീസ് നൽകിയിരുന്നു. ആയതിൽ ശ്രീ. അബ്ദുൾസലാം കോയ കുഞ്ഞ് കത്ത് കൈപ്പറ്റുവാൻ വിസമ്മതിച്ചിട്ടുള്ളതും ശ്രീ. കെ. എസ്. ഗോപാലകൃഷ്ണപിള്ള നൽകിയ മറുപടിയിൽ നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന് ടിയാൾ ഉത്തരവാദിയല്ലെന്നും 31-5-2001-ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതാണെന്നും റിട്ടയർ ചെയ്ത് 4 വർഷത്തിലധികം ആയതിനാൽ ടിയാളിൽ നിന്നും തുക ഈടാക്കുന്നതിന് നിയമപരമായി സാധിക്കുകയില്ലെന്നും അറിയിച്ചതായി നഗരസഭ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കാൻ നഗരസഭാ ഡയറക്ടറോട് സർക്കാർ അവശ്യപ്പെട്ടിട്ടുണ്ട്.

## അധികവിവരത്തിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.2.5 തദ്ദേശസ്വയംഭരണ വകുപ്പിന്റെ. 21-5-2009-ലെ സ.ഉ.(സാധാ.) നമ്പർ 1199/2009/തസ്വഭവ. പ്രകാരം വിരമിച്ച നഗരസഭ സെക്രട്ടറി ശ്രീ. പി. എം. ദേവരാജനെ 97-98-ൽ ടാർ മിക്സിംഗ് പ്ലാന്റ് വാങ്ങിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കിയിട്ടുണ്ട്.

ടി നഷ്ടത്തിന് ഉത്തരവാദികളായ റിട്ട.എഞ്ചിനീയർമാർ ശ്രീ. അബ്ദുൾസലാം കോയ കുഞ്ഞ്, ശ്രീ. കെ. എസ്. ഗോപാലകൃഷ്ണപിള്ള എന്നിവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച യാതൊരു രേഖയും നഗരസഭയിൽ ലഭ്യമായിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ തുടർനടപടികൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## തുടർ ശിപാർശ

1.2.6 **നഷ്ടത്തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതിനുള്ള നിയമപരമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 55

### ശിപാർശ

1.3.1 കന്റോൺമെന്റ് മൈതാനം കുറഞ്ഞ വാടകനിരക്കിൽ അനുവദിച്ചതുവഴി കൊല്ലം കോർപ്പറേഷന് (പരാമർശ കാലയളവിൽ മുനിസിപ്പൽ കൗൺസിൽ) 2 ലക്ഷം രൂപയുടെ നഷ്ടമുണ്ടാക്കിയതിനുത്തരവാദികളായ മുകളിൽ പറഞ്ഞ 18 കൗൺസിലർമാരിൽ നിന്ന് 2 ലക്ഷം രൂപ പലിശസഹിതം ഈടാക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

1.3.2 കന്റോൺമെന്റ് മൈതാനം എക്സിബിഷൻ നടത്തുന്നതിന് നൽകുകവഴി നഗരസഭയ്ക്ക് 2 ലക്ഷം രൂപയുടെ നഷ്ടം വരുത്തിയതിന് ഉത്തരവാദികളായ അന്നത്തെ 18 ഭരണപക്ഷ കൗൺസിൽ അംഗങ്ങളുടെ പേരുവിവരങ്ങൾ ഇതോടൊപ്പം തുടർനടപടികൾക്കായി അയച്ചുതരുന്നു.

### സമിതി ആരാഞ്ഞ അധികവിവരം

1.3.3 18 ഭരണപക്ഷ കൗൺസിൽ (തീരുമാനമെടുക്കുന്നതിനായി വോട്ടു ചെയ്ത) അംഗങ്ങളുടെ പേര് വിവരങ്ങൾ ഗവൺമെന്റ് മറുപടിയോടൊപ്പം ലഭ്യമാകാത്ത സാഹചര്യത്തിൽ 18 ഭരണപക്ഷ കൗൺസിൽ അംഗങ്ങളുടെ പേര് വിവരങ്ങൾ ലഭ്യമാക്കുക.

### തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു ലഭിച്ച അധികവിവരങ്ങൾ

1.3.4 18 ഭരണപക്ഷ കൗൺസിൽ അംഗങ്ങളുടെ പേര് വിവരം റിപ്പോർട്ടിനോടൊപ്പം മുൻപ് സമർപ്പിച്ചിട്ടുള്ളതാണ്.

### അധിക വിവരത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

1.3.5 തീരുമാനത്തെ അനുകൂലിച്ച 18 ഭരണപക്ഷ കൗൺസിലർമാരുടെ പേരു വിവരം ആവശ്യപ്പെട്ടപ്പോൾ നഗരസഭ ലഭ്യമാക്കിയത് 20 അംഗപട്ടികയാണ്. ഇതുസംബന്ധിച്ച വിശദ പരിശോധനയ്ക്കായി കൗൺസിൽ മിനിറ്റ്സ് മാത്രമാണ് നഗരസഭ ലഭ്യമാക്കിയത്. അതിൻപ്രകാരം 29-9-1999-ലെ 42-ാം നമ്പർ തീരുമാനം ഉൾപ്പെട്ട കൗൺസിലിൽ സർവ്വശ്രീ ഡോ. ആർ. ലതികാഭായി, എസ്. രാമരാജ റഡ്യാർ എന്നിവർ ഒഴികെയുള്ള കൗൺസിലർമാർ ഹാജരായിരുന്നു. 18 പേർ അനുകൂലിച്ചും 14 പേർ

എതിർത്തും വോട്ട് ചെയ്തെന്ന് മാത്രമാണ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 42-ാം നമ്പർ തീരുമാനത്തെ അനുകൂലിച്ച് വോട്ട് ചെയ്ത ഭരണകക്ഷി അംഗങ്ങളുടെ പേര് വിവരം മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

തുടർ ശിപാർശ

1.3.6 **സമിതിയുടെ മുൻ ശിപാർശ ആവർത്തിക്കുന്നതോടൊപ്പം എത്രയും വേഗം നഷ്ടത്തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാനും ശിപാർശ ചെയ്യുന്നു.**

അധ്യായം II

## സർക്കാരിൽ നിന്നു ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും

ഖണ്ഡിക നമ്പർ 22

ശിപാർശ

2.1.1 പ്രോജക്ടുകളുടെ രൂപീകരണത്തിൽ ഇത്തരം പാളിച്ചകൾ ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും കൊല്ലം കോർപ്പറേഷനിലെ കൊതുക് നിവാരണ പ്രവർത്തനങ്ങൾക്കായി 4,05,361 രൂപ ചെലവ് ചെയ്ത് വാങ്ങിയിട്ടുള്ള ജീപ്പും ട്രെയിലറും സ്പ്രെയറുകളും കൊതുകുനിവാരണ പ്രവർത്തനങ്ങൾക്ക് തന്നെ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.1.2 റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ജീപ്പും ട്രെയിലറും സ്പ്രേയറുകളും കൊതുകുനിവാരണ പ്രവർത്തനങ്ങൾക്ക് മാത്രം ഉപയോഗിക്കുവാൻ കോർപ്പറേഷൻ ഹെൽത്ത് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 34

ശിപാർശ

2.2.1 ബസ് ടെർമിനൽ നിർമ്മാണ പ്രോജക്ട് ഉപേക്ഷിച്ചില്ലെന്നും തുടർനടപടികൾ കൗൺസിലിന്റെ പരിഗണനയിലാണെന്നും റിപ്പോർട്ട് നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രോജക്ട് എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നും ഇതുസംബന്ധമായ റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഈ പദ്ധതി എ.ഡി.ബി. ഏറ്റെടുത്തിട്ടുണ്ടെന്ന് അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചിട്ടുള്ള

സാഹചര്യത്തിൽ ഇപ്രകാരം ഏറ്റെടുത്തതിന്റെ സാമ്പത്തികവും സാങ്കേതികവുമായ വശങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.2 (a) IDSMT പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബസ് ടെർമിനൽ നിർമ്മാണ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി റെയിൽവേയിൽ നിന്ന് 3.25 ഏക്കർ സ്ഥലം കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്. ഇതിനു പകരമായി റെയിൽവേയ്ക്കു നൽകുവാൻ 1.88 ഏക്കർ ഭൂമി നഗരസഭ ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി സ്ഥലം വടക്കേവിള വില്ലേജിൽ ബ്ലോക്ക് 155-ൽ റീസർവ്വേ നമ്പർ 61, 62, 63-ൽ ഉൾപ്പെട്ട 1.373 ഏക്കർ സ്ഥലം അർജൻസി ക്ലാസിൽ ഉൾപ്പെടുത്തി ലാന്റ് അക്വിസിഷൻ നടപടി നടന്നുകൊണ്ടിരിക്കുകയാണ്.

(b) ടി പ്രോജക്ട് എ.ഡി.ബി. പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 43</u>

<u>ശിപാർശ</u>

2.3.1 ടാർ വാങ്ങുന്നതിലും ട്രാൻസ്പോർട്ട് ചെയ്യുന്നതിലുമുള്ള ക്രമക്കേടുകളെക്കുറിച്ച് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി വിശദമായ റിപ്പോർട്ട് സമിതിക്ക് നൽകിയിരിക്കുകയും ആയത് പ്രഥമദൃഷ്ട്യാ തൃപ്തികരമാണെന്ന് തോന്നുകയും ചെയ്യുന്നതിനാൽ ഇക്കാര്യത്തിൽ കൊല്ലം കോർപ്പറേഷൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് വിശദമായ മറുപടി നൽകണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യത്തിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.2 ഇത് സംബന്ധിച്ച് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി നൽകിയ മറുപടി തൃപ്തികരമാണെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതിനാൽ ടി മറുപടി അടങ്ങിയ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് മറ്റു മറുപടികൾക്കൊപ്പം അയച്ചുകൊടുക്കുന്നതാണ്.

<u>ഖണ്ഡിക നമ്പർ 50</u>

<u>ശിപാർശ</u>

2.4.1 മഹാറാണി മാർക്കറ്റ് സ്റ്റാളിൽ കടമുറികൾ അനുവദിക്കുന്നതിനായി ചെക്ക് വാങ്ങിയതിനും അത് മടങ്ങുന്നതിനുമിടയാക്കിയ സാഹചര്യങ്ങളും, സ്റ്റാളുകൾ അനുവദിച്ച

കിട്ടിയ വ്യാപാരികൾ പണം തിരിച്ചടച്ചതിന്റെ രേഖകളും, ഓഡിറ്റ് അധികൃതർക്ക് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.4.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശാനുസരണം ഇത് സംബന്ധിച്ച രേഖകളും, വ്യാപാരികളിൽ നിന്നും പിഴപലിശ സഹിതം ഡെപ്പോസിറ്റ് തുക ഈടാക്കിയതിന്റെ പകർപ്പുകളും ലോക്കൽഫണ്ട് ഓഡിറ്റ് മുൻപാകെ മറ്റ് മറുപടികൾക്കൊപ്പം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഖണ്ഡിക നമ്പർ 65

ശിപാർശ

2.5.1 ജില്ലാ കളക്ടറുടെ പക്കൽ നിന്നും ലഭ്യമായ 2,92,721 രൂപയിൽ നിന്ന് അക്വിറ്റൻസ് വാങ്ങാതെ പോളിംഗ് ഓഫീസർമാർക്ക് റ്റി.എ./ഡി.എ. നൽകിയ ഇനത്തിലുള്ള ചെലവായി കാണിച്ചിട്ടുള്ള 5,815 രൂപ പ്രസ്തുത തുക വിതരണം ചെയ്ത ഉദ്യോഗസ്ഥനിൽ നിന്ന് പലിശ സഹിതം ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ മുൻകൂർ തുകകൾ കൈപ്പറ്റിയിട്ടും ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ശ്രീ. കെ. രശ്മിധരനിൽ നിന്ന് 3,910 രൂപയും, ശ്രീ. എൻ. സുരേന്ദ്രനിൽ നിന്ന് 3,007 രൂപയും ശ്രീ. നാരായണൻ നമ്പൂതിരിയിൽ നിന്ന് 7,000 രൂപയും ശ്രീ. എം. പി. മോഹൻ കുമാറിൽ നിന്ന് 7,000 രൂപയും ശ്രീ. ജി. ഘോഷിൽ നിന്ന് 3,000 രൂപയും പലിശ സഹിതം ഈടാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.5.2 (a) ടി തുക ചെലവ് ചെയ്തത് സംബന്ധിച്ച മുഴുവൻ വൗച്ചറുകളും യഥാസമയം ഓഫീസിൽ ഹാജരാക്കിയിട്ടുള്ളതും, ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷിച്ചിട്ടുള്ളതുമാണ് ആയതിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലാർക്ക് ശ്രീ. രശ്മിധരൻ മറുപടി നൽകിയിട്ടുണ്ട്. ടിയാന്റെ പേരിൽ മുൻകൂർ വാങ്ങിയ 55,000 രൂപയിൽ മുഴുവൻ തുകകൾക്കും വൗച്ചർ യഥാസമയം ഹാജരാക്കി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായും ആയതിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

(b) കൗണ്ടർ തയ്യാറാക്കുന്നതിന് 7,000 രൂപയും ഇലക്ട്രിഫിക്കേഷന് 10,000 രൂപയും അഡ്വാൻസ് വാങ്ങിയിട്ടുള്ളതും, ടി ആവശ്യങ്ങൾ കഴിഞ്ഞ് ബാക്കി തുക കോർപ്പറേഷനിൽ അടച്ചിട്ടുള്ളതുമാണെന്നും, മേൽതുക ചെലവഴിച്ചതിന്റെ രേഖകൾ യഥാസമയം ഹാജരാക്കി മുൻകൂർ ക്രമീകരിച്ചിട്ടുള്ളതാണെന്നും, ആയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും എന്നാൽ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രകാരം 3,007 രൂപ ടി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ടിയാൻ മുൻകൂർ വാങ്ങിയിട്ടില്ലാത്തതിനാൽ ടി തുക ഈടാക്കുന്നതിനുള്ള നടപടിയിൽ നിന്നും ഒഴിവാക്കണമെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ടിയാൾ 3,007 രൂപ ഇലക്ഷനുമായി ബന്ധപ്പെട്ട് മുൻകൂർ വാങ്ങിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി തുക അടയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(c) ടി തുക വിനിയോഗിച്ച ബില്ലുകളും വൗച്ചറുകളും യഥാസമയം ഹാജരാക്കിയിട്ടുള്ളതായും ടി രേഖകൾ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായും ആയതിനാൽ ബാധ്യതകളിൽ നിന്നും ഒഴിവാക്കണമെന്നും മറുപടി നൽകിയിട്ടുണ്ട്.

(d) അഡ്വാൻസ് തുക ക്രമീകരിക്കുന്നതിന് വൗച്ചറുകൾ സഹിതം റിപ്പോർട്ട് 20-9-2000-ൽ തന്നെ സെക്ഷനിൽ ഏൽപ്പിച്ചിട്ടുള്ളതാണെന്നും ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും 29,125 രൂപ നഗരസഭാ അക്കൗണ്ടിൽ തിരിച്ചുപിടിച്ചിട്ടുള്ളതായും, ആയതിനാൽ ടിയാളെ ബാധ്യതകളിൽ നിന്നും ഒഴിവാക്കണമെന്നും മറുപടി നൽകിയിട്ടുണ്ട്.

(e) ടി തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരങ്ങൾ</u>

2.5.3 ശ്രീ. എൻ. സുരേന്ദ്രൻ, ശ്രീ. നാരായണൻ നമ്പൂതിരി, ശ്രീ. എം. പി. മോഹൻകുമാർ, ശ്രീ. ജി. ഘോഷ് എന്നിവരിൽ നിന്ന് തുക ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റിന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ടവർ സർവ്വീസിൽ ഉള്ളവരാണെങ്കിൽ ശമ്പളത്തിൽ നിന്നും, റിട്ടയർ ചെയ്തവരാണെങ്കിൽ അവരുടെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും തുക ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുക.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു ലഭിച്ച അധികവിവരങ്ങൾ</u>

2.5.4 ശ്രീ. എൻ. സുരേന്ദ്രൻ ഇലക്ഷനുമായി ബന്ധപ്പെട്ട് 3,007 രൂപ മുൻകൂർ കൈപ്പറ്റിയിട്ടില്ല. എന്നാൽ മഹാറാണി മാർക്കറ്റ് വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ. 2.29918/99-ാം നമ്പർ ഫയൽ പ്രകാരം കൈപ്പറ്റിയ 3,007 രൂപയിൽ 750 രൂപ ചെലവഴിക്കുകയും ബാക്കി തുകയായ 2,257 രൂപ 23-3-2007-ൽ രസീത് നമ്പർ 50/10209

പ്രകാരം ഒടുക്കിയിട്ടുള്ളതുമാണ്. ടി തുകയുടെ പലിശയായ 1,848 രൂപ 9-11-2007-ൽ രസീത് നമ്പർ 16-11-2013 പ്രകാരം ശ്രീ. എൻ. സുരേന്ദ്രൻ നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

രസീത് നമ്പർ 52/20094 തീയതി 26-9-2007 പ്രകാരം 3000+2528 =5528 രൂപ ശ്രീ. ജി. ജോഷ് നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

ശ്രീ. എ. എൻ. നാരായണൻ നമ്പൂതിരി അഡ്വാൻസും പലിശയും ഉൾപ്പെടെ 14,085 രൂപ, (ഡി.ഡി. നമ്പർ 398882/17-7-2009—7,043 രൂപ ഡി.ഡി. നമ്പർ 399696/31-8-2009—7,043 രൂപ) തിരികെ നഗരസഭാ ഫണ്ടിൽ ഒടുക്കവരുത്തിയിട്ടുണ്ട്.

എം. പി. മോഹൻകുമാർ 30-11-2003-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും, ടിയാൻ കൈപ്പറ്റിയിട്ടുള്ള മുൻകൂർ തുക ടിയാന്റെ ഡി. സി. ആർ.ജി-യിൽ നിന്നും കുറവ് ചെയ്തിട്ടുള്ളതുമാണ്. 30-11-2003 വരെയുള്ള പലിശ തുകയായ 2,660 രൂപ നഗരസഭാ ഫണ്ടിൽ 18-8-2009-ൽ രസീത് നമ്പർ 10901108595 പ്രകാരം ഒടുക്കവരുത്തിയിട്ടുള്ളതാണ്.

<u>അധികവിവരത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ</u>
<u>സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്</u>

2.5.5 ശ്രീ. എൻ. സുരേന്ദ്രൻ 23-3-2007-ൽ രസീത് നമ്പർ 50/10209 പ്രകാരം 2,257 രൂപ ഒടുക്കിയിട്ടുണ്ട്. ടി തുകയുടെ പലിശയായ 1,848 രൂപ രസീത് നമ്പർ 16/112013 പ്രകാരം 9-11-2007-ൽ ഒടുക്കിയിട്ടുണ്ട്.

ശ്രീ. ജോഷ് 26-9-2007-ൽ രസീത് നമ്പർ 52/20094 പ്രകാരം 5,528 രൂപ ഒടുക്കിയിട്ടുണ്ട്.

ശ്രീ. എ. എൻ. നാരായണൻ നമ്പൂതിരി ഡി.ഡി. നമ്പർ 399696/31-8-2009 പ്രകാരം 7,043 രൂപയും ഡി.ഡി. നമ്പർ 398882/17-7-2009 പ്രകാരം 7,043 രൂപയും ഒടുക്കിയിട്ടുണ്ട്.

ശ്രീ. എം. പി. മോഹൻകുമാർ 30-11-2003-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും, ടിയാൻ മുൻകൂർ ഇനത്തിൽ കൈപ്പറ്റിയ തുക ഡി.സി.ആർ.ജി.യിൽ നിന്നും കുറവ് ചെയ്തിട്ടുള്ളതുമാണ്. 30-11-2003 വരെയുള്ള പലിശ തുകയായ 2,660 രൂപ 18-8-2009-ൽ രസീത് നമ്പർ 10901108595 പ്രകാരം ഒടുക്കവരുത്തിയിട്ടുണ്ട്.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂൺ 8.

## അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനം/ശിപാർശ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1.1.6 | തദ്ദേശസ്വയംഭരണം | പ്രോപ്പർട്ടി ടാക്സ് കമ്പ്യൂട്ടർവൽക്കരിച്ചതുപോലെ കെട്ടിടങ്ങളുടെയും സ്ഥാപനങ്ങളുടെയും ലിസ്റ്റും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 1.1.7 | ” | 1995-1996 മുതൽ 1997-1998 വരെയുള്ള പിരിച്ചെടുക്കാൻ കഴിയാത്ത തൊഴിൽ നികുതി 4,88,024 രൂപ എഴുതിത്തള്ളുന്നതിനുള്ള ധനകാര്യ സ്റ്റാൻഡിംഗ് കൗൺസിലിന്റെ തീരുമാനത്തിന്മേലുള്ള ഭരണസമിതിയുടെ തീരുമാനം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഭരണ സമിതി തീരുമാനത്തിന് സർക്കാർ സാധൂകരണം ആവശ്യമുള്ള പക്ഷം പ്രസ്തുത സാധൂകരണം ലഭ്യമാക്കിയതു സംബന്ധിച്ച വിവരവും അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 1.1.8 | ” | ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ കൊല്ലം ശാഖയ്ക്ക് 1978-79, 1979-80 കാലയളവിലേക്ക് നിശ്ചയിച്ച് നല്കിയ തൊഴിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 1.2.6 | ” | നഷ്ടത്തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതിനുള്ള നിയമപരമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 1.3.6 | ” | സമിതിയുടെ മുൻ ശിപാർശ ആവർത്തിക്കുന്നതോടൊപ്പം എത്രയും വേഗം നഷ്ടത്തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാനും ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.